**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 896** **18-09-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉന്നത പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉന്നത പഠനം നടത്തുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ODEPC (Overseas Development and Employment Promotion Consultants)ന്റെ സഹകരണത്തോടെ നിലവിൽ ഉന്നതി വിദേശപഠന സ്കോളർഷിപ്പ് അനുവദിച്ച് വരുന്നു. വിദേശരാജ്യങ്ങളിൽ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾ, പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾക് തത്തുല്യമായ ഡിപ്ലോമാ കോഴ്സുകൾ, പി.എച്ച്ഡി, പോസ്റ്റ് ഡോക്ടറേറ്റ് കോഴ്സുകൾ എന്നിവ പഠിക്കുന്നതിനായി പട്ടികജാതി വിദ്യാർത്ഥികൾക്ക് വാർഷികവരുമാനത്തിന്റെ അടിസ്ഥാനത്തിൽ 3സ്ലാബുകളായിട്ടാണ് ചുവടെ ചേർക്കും പ്രകാരം സ്കോളർഷിപ്പ് അനുവദിക്കുന്നത്.<br><br>[1) 12 ലക്ഷം രൂപ വരെ വാർഷികവരുമാന പട്ടികജാതി വിദ്യാർത്ഥികൾക്ക് വിസ, എയർ ടിക്കറ്റ്, ഹെൽത്ത് ഇൻഷറൻസ്, ട്യൂഷൻ ഫീസ്, ജിവിത ചെലവ് താമസ ചെലവ് എന്നിവക്കായി പരമാവധി 25 ലക്ഷം രൂപ<br><br>(2) 12 ലക്ഷത്തിന് മുകളിലും 20 ലക്ഷത്തിന് താഴെ വാർഷികവരുമാന പട്ടികജാതി വിദ്യാർത്ഥികൾക്ക് വിസ, എയർ ടിക്കറ്റ്, ഹെൽത്ത് ഇൻഷറൻസ്, ട്യൂഷൻ ഫീസ്, ജിവിത ചെലവ് താമസ ചെലവ് എന്നിവക്കായി പരമാവധി 20 ലക്ഷം രൂപ<br><br>(3) 20 ലക്ഷത്തിന് മുകളിൽ വാർഷികവരുമാന പട്ടികജാതി വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് ഇനത്തിൽ പരമാവധി 15 ലക്ഷം രൂപ<br><br>മാനദണ്ഡങ്ങൾക്ക് വിധേയമായി പരമാവധി 25 ലക്ഷം രൂപ വരെ വരുമാന പരിധിയില്ലാതെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അനുവദിച്ചു നൽകുന്നു. |

| | | | |
|---|---|---|---|
| | | | ODEPC മുഖേന ഓൺലൈനായി അപേക്ഷ സ്വീകരിക്കുകയും, ടിവിദ്യാർത്ഥികളെയും, രക്ഷിതാക്കളെയും കൗൺസിലിംഗ് നൽകി കരട് ലിസ്റ്റ് തയ്യാറാക്കി വകുപ്പുകളുടെ സൈറ്റിൽ പ്രസിദ്ധീകരിക്കുകയും, പരാതിയുണ്ടെങ്കിൽ ആയത് ഉൾപ്പടെയുള്ള കരട് ലിസ്റ്റ് സ്കോളർഷിപ്പ് (സെലക്ഷൻ/അപ്പീൽ) കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. തുടർന്ന് വിദേശ സർവ്വകലാശാലകളിൽ പഠനത്തിനായുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കുന്നു. |
| (ബി) | പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി കേന്ദ്ര സർക്കാർ നൽകുന്ന ഓവർസീസ് സ്കോളർഷിപ്പ് തുകയുടെ കഴിഞ്ഞ നാല് വർഷത്തെ ലഭ്യത വിശദമാക്കാമോ; | (ബി) | പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സംസ്ഥാന സർക്കാരിന്റെ വിദേശ പഠന സ്കോളർഷിപ്പിന് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭ്യമാകുന്നില്ല്ല. പൂർണ്ണമായും സംസ്ഥാന സർക്കാരാണ് തുക അനുവദിക്കുന്നത്. |
| (സി) | വിദേശ പഠനത്തിന് അർഹത നേടുന്നവർക്കെല്ലാം പ്രസ്തുത സ്കോളർഷിപ്പ് നൽകുന്നതിന് കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ അത്തരം വിദ്യാർത്ഥികളെ സഹായിക്കുവാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (സി) | ഓരോ അധ്യയന വർഷവും 225 പട്ടികജാതി വിദ്യാർത്ഥികൾക്കും, 50 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഉൾപ്പടെ 275 വിദ്യാർത്ഥികൾക്കാണ് വിദേശ പഠന സ്കോളർഷിപ്പ് നൽകുന്നത്. വിദേശത്ത് പഠനത്തിന് അർഹത നേടുന്നവർക്കെല്ലാം സ്കോളർഷിപ്പ് അനുവദിച്ചു നൽകുന്നുണ്ട് . കേരള സർക്കാരിന്റെ നിയന്ത്രണ ത്തിലുള്ള - ODEPC (Overseas Development and Employment Promotion Consultants) മുഖേനയാണ് തുക അനുവദിക്കുന്നത്. വിദ്യാർത്ഥികളുടെ പഠനം പൂർത്തിയാകുന്നതു വരെ വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ODEPC (Overseas Development and Employment Promotion Consultants) പരിഹരിച്ച് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ